S001 | CO

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ.ബഡ്:3/005330/2011.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി. 07/05/2025

## മെമ്മോറാണ്ടം

വിഷയം : കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എസ്.ബി.ഐ. കോർപ്പറേറ്റ് സാലറി പാക്കേജ് - ഇൻഷ്വറൻസ് ആന്റ് കാർഡ് ബെനിഫിറ്റ് സ്കീം ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന : 05/05/2025-ന് എസ്.ബി.ഐ.യുമായി ഒപ്പുവെച്ച കരാർ

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും, കുടുംബാംഗങ്ങൾക്കും ഉയർന്ന ജീവിത സുരക്ഷയും, കൂടുതൽ ആരോഗ്യ ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്ന കോർപ്പറേറ്റ് സാലറി പാക്കേജ് സ്കീം കെ.എസ്.ആർ.ടി.സി.യ്ക്ക് ഏറെ അഭിമാനകരമായ ഒരു പുതിയ അധ്യായമാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കായി പ്രത്യേകമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പദ്ധതി, ജീവനക്കാർക്കും, കുടുംബത്തിനും നിത്യജീവിതം കൂടുതൽ സുഗമമാക്കാൻ നിർണ്ണായകമാകും എന്ന് പ്രതീക്ഷിക്കുന്നു.

## വ്യക്തിഗത അപകട ഇൻഷ്വറൻസ് പരിരക്ഷ

- ഇൻഷ്വറൻസ് പരിരക്ഷ കണക്കാക്കുന്നതിന് ജീവനക്കാരെ നെറ്റ് ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ 10,000/- രൂപ മുതൽ 25,000/- രൂപ വരെ വരുമാനമുള്ള സിൽവർ, 25,000/- രൂപ മുതൽ 50,000/-

രൂപ വരെ ഗോൾഡ്, 50,000/- രൂപ മുതൽ 1,00,000/- രൂപ വരെ ഡയമണ്ട്, 1 ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെ പ്ലാറ്റിനം, 2 ലക്ഷത്തിന് മുകളിൽ റോഡിയം എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

- എല്ലാ വിഭാഗത്തിലുള്ളവർക്കും, വ്യക്തിഗത അപകട ഇൻഷുറൻസ് : അപകടത്തിൽപ്പെട്ട് ജീവനക്കാർ മരണപ്പെടുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ആശ്രിതർക്ക് 1 കോടി രൂപ വരെ ലഭിക്കുന്നു.

- എയർ ആക്സിഡന്റ് ഇൻഷുറൻസ് കവർ ആയി 1.60 കോടി രൂപ ലഭിക്കുന്നു.

- അപകടത്തിൽപ്പെട്ട് സ്ഥിരമായ പൂർണ്ണ വൈകല്യം സംഭവിക്കുന്ന എല്ലാ വിഭാഗത്തിലുംപെട്ട ജീവനക്കാർക്ക് 1 കോടി രൂപ ലഭിക്കുന്നു.

- അപകടത്തിൽപ്പെട്ട് ഭാഗികമായി അംഗവൈകല്യം സംഭവിക്കുന്നവർക്ക് മെഡിക്കൽ ബോർഡ് ശുപാർശയുടെ അടിസ്ഥാനത്തിൽ 80 ലക്ഷം രൂപ വരെ ലഭിക്കുന്നു.

- പ്രതിമാസം 25,000/- രൂപയ്ക്ക് മുകളിൽ നെറ്റ് ശമ്പളമുള്ള ഗോൾഡ്, ഡയമണ്ട്, പ്ലാറ്റിനം, റോഡിയം വിഭാഗത്തിൽപ്പെട്ട ജീവനക്കാർ ഏത് രീതിയിൽ മരണപ്പെട്ടാലും ജീവനക്കാരുടെ ആശ്രിതർക്ക് ഗ്രൂപ്പ് ടേം ലൈഫ് ഇൻഷുറൻസ് ആയി 6 ലക്ഷം രൂപ ലഭിക്കുന്നു.

- ഇത്തരത്തിൽ സിൽവർ കാറ്റഗറിയിലുള്ള ജീവനക്കാരൻ തുടർന്നുള്ള മാസങ്ങളിൽ 25,000/- രൂപയ്ക്ക് മുകളിൽ ശമ്പളം വാങ്ങുകയാണെങ്കിൽ (തുടർച്ചയായി 3 മാസം) ടി ജീവനക്കാരനെ ഗോൾഡ് കാറ്റഗറിയിലേക്ക് ഉയർത്തി ഗ്രൂപ്പ് ടേം ലൈഫ് ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാകുന്നതാണ്.

ഇവയ്ക്ക് പുറമെ കോർപ്പറേറ്റ് സാലറി പാക്കേജ് സ്കീമിൽ അംഗമായിട്ടുള്ള എല്ലാ ജീവനക്കാർക്കും അപകടത്തിൽപ്പെട്ട് ജീവനക്കാർ മരണപ്പെടുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ആശ്രിതർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ അധികമായി ലഭിക്കുന്നു.

⇒ **Child Education Benefit** : അപകടത്തിൽ മരണപ്പെടുന്ന ജീവനക്കാരന്റെ മക്കളുടെ വിദ്യാഭ്യാസത്തിന് (18-25 വരെയുള്ള പ്രായപരിധി) ആൺകുട്ടിക്ക് 4 ലക്ഷം രൂപയും, പെൺകുട്ടിക്ക് 5 ലക്ഷം രൂപയും പരമാവധി 2 കുട്ടികൾക്ക് ബാധകമാകുന്നതാണ്.

⇒ **Girls Child Marriage Benefit** : അപകടത്തിൽ മരണപ്പെട്ട ജീവനക്കാരന്റെ പെൺമക്കളുടെ വിവാഹത്തിന് 10 ലക്ഷം രൂപ വരെ (5 ലക്ഷം വീതം 2 പെൺമക്കൾക്ക് - 18 മുതൽ 25 വയസ്സ് വരെയുള്ള പ്രായപരിധി)

⇒ പ്ലാസ്റ്റിക് സർജറി, Burn Cases എന്നിവയ്ക്ക് 10 ലക്ഷം വരെ.

⇒ ഇംപോർട്ട് മരുന്നുകളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് 5 ലക്ഷം വരെ.

⇒ അപകടത്തിനുശേഷം പോസ്റ്റ് കോമ 5 ലക്ഷം വരെ

⇒ എയർ ആംബുലൻസ് ചാർജ്ജ് 10 ലക്ഷം വരെ

⇒ അപകടത്തിന് ശേഷമുള്ള കുടുംബത്തിന്റെ യാത്രാ ചെലവ് 50,000/-.

⇒ മൃതദേഹം നാട്ടിലെത്തിക്കാൻ 50,000/-.

⇒ ആംബുലൻസ് ചെലവ് 50,000/-.

കോർപ്പറേറ്റ് സാലറി പാക്കേജ് സ്കീമിൽ അംഗമായ ഗോൾഡ് കാറ്റഗറി മുതലുള്ള ജീവനക്കാരന്റെ കുടുംബത്തിലെ 4 അംഗങ്ങൾക്ക് (ഭാര്യ, കുട്ടികൾ, മാതാപിതാക്കൾ, സഹോദരങ്ങൾ) SBI RISHTEY എന്ന ഫാമിലി സേവിംഗ്സ് അക്കൗണ്ട് സ്കീമിൽ ചേരാവുന്നതാണ്. പ്രസ്തുത സ്കീമിൽ അംഗങ്ങളായിട്ടുള്ളവർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നു.

- Minimum Balance : Nil
- Debit Card : Classis Debit Card (Free Issuance & AMC)
- Unlimited Free Transaction at all bank ATM network, using debit card linked to Rishtey Account.
- 25 Cheque Leaves / Month free
- NEFT / RTGS Charges Free
- DD Charges Free
- Annual Locker Rent 10% concession every year.
- Free SMS alert charge
- Personal Accident Insurance : ₹ 5 Lakhs each for all Rishtey Account holders (Except minors)

ഇതിനെല്ലാം പുറമെ ഡെബിറ്റ് കാർഡ് (റുപേ, പ്ലാറ്റിനം, റുപേ സെലക്റ്റ്) ഉപയോഗിക്കുന്ന ജീവനക്കാർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങളും അധികമായി ലഭ്യമാകും

## *Benefits associated with Debit Card (Rupay / Platinum / Rupay Select)*

| **Account Variant** | *Silver* | *Gold* | *Diamond* | *Platinum & Rhodium* |
|---|---|---|---|---|
| **Card Variant** | *Platinum* | *Platinum* | *Platinum* | *Platinum Select* |
| **Make My Trip** | NA | Flat 10% Instant Discount (upto INR 1500), No Min. purchase once in a year | Flat 10% Instant Discount (upto INR 1500), No Min. purchase once in a Quarter | Flat 10% Instant Discount (upto INR 1500), No Min. purchase once in a Quarter |
| **Amazon Prime** | NA | Full Year Subscription | Full Year Subscription | Full Year Subscription |
| **Gym Membership** | NA | NA | NA | One month offline or 3 months online subscription |
| **SPA** | NA | NA | NA | Once in a year |
| **Lounge – Domestic** | 1 Free visit a quarter | 1 Free visit a quarter | 2 Free visit a quarter | 3 Free visit a quarter |
| **Golf** | NA | NA | NA | Once in a year |
| **Cab Aggregator** | NA | NA | NA | Once in a year |
| **Swiggy One** | NA | 3 months membership once in a year | 3 months membership once in a year | 3 months membership once in a year |
| **Book my Show** | NA | INR 250 off on purchase of min 2 tickets; once in a quarter | INR 250 off on purchase of min 2 tickets; once in a quarter | INR 250 off on purchase of min 2 tickets; once in a quarter |

| | | | | |
|---|---|---|---|---|
| **Personal Accident & Permanent Disability Insurance** | ₹ 2 Lakhs (with PoS condition 45 days) | ₹ 2 Lakhs (with PoS condition 45 days) | ₹ 10 Lakhs (with PoS condition 45 days) | ₹ 10 Lakhs (with PoS condition 45 days) |
| **Air Accident Insurance** | NA | ₹ 50 Lakhs (with PoS condition 45 days) | ₹ 50 Lakhs (with PoS condition 45 days) | ₹ 100 Lakhs (with PoS condition 45 days) |
| **Purchase Protection** | NA | ₹ 2 Lakh | ₹ 2 Lakh | ₹ 2 Lakh |
| **Swiggy Offer** | ₹ 100 per month per card | NA | NA | NA |
| **Amazon Offer** | ₹ 100 per month per.card | NA | NA | NA |

മേൽ പ്രതിപാദിച്ചിട്ടുള്ള ആനുകൂല്യങ്ങളെല്ലാംതന്നെ എസ്.ബി.ഐ. കോർപ്പറേറ്റ് സാലറി പാക്കേജ് സ്കീമിൽ അംഗങ്ങളാകുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സൗജന്യമായി ലഭ്യമാകുന്നതാണ്. പ്രസ്തുത കരാർ അനുസരിച്ച് വ്യക്തിഗത അപകട ഇൻഷ്വറൻസ് 04/06/2025 മുതലും, ഗ്രൂപ്പ് ടേം ലൈഫ് ഇൻഷ്വറൻസ് 22/06/2025 മുതലും പ്രാബല്യത്തിൽ വരുന്നതാണ്.

## <u>കെ.എസ്.ആർ.ടി.സി.യുടെ എസ്.ബി.ഐ. കോർപ്പറേറ്റ് സാലറി പാക്കേജ് - ആരോഗ്യ ഇൻഷ്വറൻസ് പോളിസി</u>

## (Health Insurance Policy)

എസ്.ബി.ഐ.യുടെ കോർപ്പറേറ്റ് സാലറി പാക്കേജിൽ അംഗങ്ങളായ കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്ക് വാർഷിക പ്രീമിയം ഒടുക്കി എസ്.ബി.ഐ. അനുവദിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ

ചേരാവുന്നതാണ്. പ്രസ്തുത പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

◊ ഇന്ത്യയിൽ 1200-ലധികവും കേരളത്തിലെ 105-ഓളം ആശുപത്രികളും ചികിത്സാ സൗകര്യമുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് സൂപ്പർ ടോപ് അപ് ഹെൽത്ത് ഇൻഷുറൻസ്.

◊ ഈ പദ്ധതിയിൽ 2 മുതിർന്നവർക്കും, 2 കുട്ടികൾക്കുമായി 1,995/- രൂപ വാർഷിക പ്രീമിയത്തിൽ 2 ലക്ഷം രൂപ മുതൽ 15 ലക്ഷം രൂപ വരെയുള്ള ഹെൽത്ത് ഇൻഷുറൻസ് കവറേജ് ലഭിക്കുന്നതാണ്.

◊ 2495/- രൂപ വാർഷിക പ്രീമിയത്തിൽ 2 മുതിർന്നവർക്കും, 2 കുട്ടികൾക്കുമായി 3 ലക്ഷം രൂപ മുതൽ 30 ലക്ഷം രൂപ വരെ കവറേജ് ലഭിക്കുന്നതാണ്.

ഇൻഷുറൻസ് പ്രീമിയം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| Sum Insured / Deductible | 1 Adult (Premium ₹) | 2 Adult (Premium ₹) | 2 Adult + 1 Child (Premium ₹) | 2 Adult + 2 Child (Premium ₹) |
|---|---|---|---|---|
| 15 Lac / 2 Lac | 1,623/- | 1,763/- | 1,843/- | 1,995/- |
| 30 Lac / 3 Lac | 2,056/- | 2,229/- | 2,332/- | 2,495/- |

## ആരോഗ്യ ഇൻഷുറൻസ് പോളിസിയുമായി ബന്ധപ്പെട്ട മറ്റ് പ്രധാന സവിശേഷതകൾ

⇒ ആശുപത്രിവാസം, ഡേ കെയർ ആയുഷ് ശസ്ത്രക്രിയകൾ, ആംബുലൻസ് (2000/- രൂപ വരെ) എന്നിവ ഉൾപ്പെടുന്നു.

⇒ എസ്.ബി.ഐ. അക്കൗണ്ട് നിലനിർത്തുന്ന 75 വയസ്സ് വരെയുള്ളവർക്ക് വർഷംതോറും പോളിസി പുതുക്കി പരിരക്ഷ ഉറപ്പുവരുത്താവുന്നതാണ്.

⇒ അപകട ആശുപത്രിവാസത്തിന് വെയ്റ്റിംഗ് പിരീഡ് ഇല്ല.

⇒ പ്രീമിയം പുതുക്കുന്നതിനും, ആട്ടോ റിന്യൂവലിനും സൗകര്യമുണ്ട്.

⇒ ആശുപത്രി വാസത്തിന് മുമ്പുള്ള 60 ദിവസത്തെ ആശുപത്രി ചെലവുകളും 90 ദിവസത്തെ ആശുപത്രി വാസ ചെലവുകളും പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്താവുന്നതാണ്.

*മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി എല്ലാ ജീവനക്കാരും അടിയന്തിരമായി അതാത് എസ്.ബി.ഐ. ശാഖകളുമായി ബന്ധപ്പെട്ട് നിലവിലുള്ള ശമ്പള അക്കൗണ്ടുകൾ കോർപ്പറേറ്റ് സാലറി അക്കൗണ്ടിലേക്ക് മാറ്റേണ്ടതും* തങ്ങളുടെ നെറ്റ് ശമ്പളത്തിനനുസരിച്ചുള്ള വിഭാഗത്തിലാണ് (സിൽവർ, ഗോൾഡ്, ഡയമണ്ട്, പ്ലാറ്റിനം, റോഡിയം എന്നിവ) തങ്ങളുടെ അക്കൗണ്ടുകൾ എന്നുള്ള വിവരം ഉറപ്പ് വരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് ജീവനക്കാർക്കുണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിനായി എസ്.ബി.ഐ.ശാഖകളിൽ നിന്നും കൂടുതൽ വിവരങ്ങൾ ജീവനക്കാർക്ക് ലഭ്യമാകുന്നതാണ്. കൂടാതെ എസ്.ബി.ഐ. പ്രതിനിധികൾ ജീവനക്കാർക്കുണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിനായി യൂണിറ്റുകളിൽ സന്ദർശനം നടത്തുന്നതുമാണ്.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ യൂണിറ്റ് ആഫീസർമാർക്കും
എല്ലാ വർക്ക്ഷോപ്പ് മേധാവികൾക്കും
ചീഫ് ആഫീസിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും

എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽ വരത്തക്കവിധത്തിൽ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

*ഷ/07.05.*

Annexure-II

Application –cum-undertaking to be taken from all account holders, whether new or existing (converting SB accounts to CSP)

The Branch Manager
State Bank of India.......................Branch

Dear Sir,

<u>CORPORATE SALARY PACKAGE</u>
<u>(1) REQUEST FOR CONVERSION OF SAVING BANK ACCOUNT TO CSP ACCOUNT AND</u>
<u>(2) UNDERTAKING FROM ALL CSP ACCOUNT HOLDERS, NEW AND CONVERTED</u>

1. I maintain a SB account with your branch and the account number is ______________________ / I intend to open a new SALARY PACKAGE Account. I am presently employed as ________ with ..... my personal Number is ______________ and my Date of Birth is ______ My mobile number is ______________ My present address is appended below which may please be incorporated in your records for which I am enclosing a certificate issued from the unit and request you to accept it for satisfying the KYC norms as prescribed by your bank, along with other KYC document(s) as prescribed by the RBI.
*(strike out if not applicable, in case of existing customers)*

2. In this connection, I request that my existing SB account number .................... be converted into a CSP account with all its special features.
*(strike out if not applicable, in case of new customers)*

3. I understand that auto sweep facility can be provided in this account and the special request is being submitted for the same separately.

4. Since I am presently posted at / is being posted to ______________ I request that my account should be transferred to ____________ Branch of SBI for ease of operation.
*(strike out if not applicable)*

5. I hereby undertake that I shall obtain a 'No Dues Certificate' from SBI in case I desire to shift my account to any other Bank for credit of Salary. I further undertake that I shall not seek to change my Salary Bankers from SBI unless I have liquidated all loans outstanding with SBI.

Address: ______________________________

Yours faithfully,

Date :
Place :

Name :
(with RANK/DESIGNATION)
Address :